## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1977

22.03.2012 ലെ മറുപടിയ്ക്ക്

### ശമ്പള പരിഷ്ക്കരണത്തിലെ ഗ്രേഡ് സ്കെയിൽ സംബന്ധിച്ച അപാകതകൾ

**ചോദ്യം**
**ശ്രീ.പി.തിലോത്തമൻ**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
**(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി)**

| | |
|---|---|
| എ) കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിൽ മരാമത്ത്, ഇറിഗേഷൻ, പഞ്ചായത്ത് വകുപ്പുകളിൽ വിന്യസിക്കപ്പെട്ടിട്ടുള്ള ഓവർസീയർ തസ്തികകളിലെ ശമ്പള സ്കെയിലിൽ അപാകതകൾ ഉണ്ടായിട്ടുള്ള-തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കാലാകാലങ്ങളിലെ ശമ്പള പരിഷ്ക്കരണ കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് മരാമത്ത്, ഇറിഗേഷൻ പഞ്ചായത്ത് വകുപ്പുകളിൽ വിന്യസിക്കപ്പെട്ടിട്ടുള്ള ഓവർസീയർമാർ അടക്കമുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും ശമ്പള സ്കെയിലുകൾ നിശ്ചയിച്ച് അതാത് ശമ്പള പരിഷ്ക്കരണ ഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2004 ശമ്പള പരിഷ്ക്കരണത്തിൽ ഓവർസീയർ/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I തസ്തികയ്ക്ക് 20% ഹയർഗ്രേഡ് അനുവദിച്ചത് സംബന്ധിച്ച് സർവ്വീസ് സംഘടനകൾ സർക്കാരിലേക്ക് നിവേദനം നൽകിയിട്ടുണ്ട്. |
| ബി) എട്ടാം ശമ്പള പരിഷ്ക്കരണത്തിൽ തേഡ് ഗ്രേഡ് ഓവർസീയർ തസ്തികയ്ക്ക് എൽ.ഡി.ക്ലാർക്കിന് തുല്യമായ സ്കെയിലും സെക്കന്റ് ഗ്രേഡ് ഓവർസീയർക്ക് യു.ഡി. ക്ലാർക്കിന് തുല്യമായ സ്കെയിലുമാ-യിരുന്നത് ഇപ്പോൾ സെക്കന്റ് ഗ്രേഡ് ഓവർസീയർക്ക് യു.ഡി. ക്ലാർക്കിനേക്കാൾ താഴെയുള്ള സ്കെയിലാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശമ്പള പരിഷ്ക്കരണത്തിലെ പ്രസ്തുത അപാകതകൾ അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) ഓരോ തസ്തികയുടെയും ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ടി തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ, ജോലി സ്വഭാവം, നിയമനത്തിന് വേണ്ട യോഗ്യത തുടങ്ങി വിവിധ ഘടകങ്ങൾ കണക്കിലെടുത്തുകൊണ്ടാണ്. ടി കാരണത്താൽ സാങ്കേതിക വിഭാഗത്തിലുള്ള ഓവർസീയർ തസ്തികയുടെയും മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ള ക്ലറിക്കൽ തസ്തികയുടെയും ശമ്പള സ്കെയിലുകൾ തമ്മിൽ സമാനതകളില്ല. ഈ വിഷയം ഉന്നയിച്ച് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി 26.05.2011-ലെ 29/11/ധനം നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനായി ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിലെ ഗ്രേഡ് സ്കെയിൽ സംബന്ധിച്ച അപാകതകൾ പരിഹരിച്ചു കിട്ടുവാൻ ഏതെങ്കിലും സംഘടന കോടതിയെ സമീപിച്ചിരുന്നോ; | സി) കേരളാ എഞ്ചിനീയറിംഗ് സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടന കഴിഞ്ഞ ശമ്പള പരിഷ്ക്കരണ ഉത്തരവു പ്രകാരം, ഓവർസീയർ/ഡ്രാഫ്റ്റ്സ്മാൻ എന്ന തസ്തികയ്ക്ക് അനുവദിച്ച 20% ഹയർഗ്രേഡ് സംബന്ധിച്ച് WP(C) 27515/08 പ്രകാരം കോടതിയെ സമീപിച്ചിരുന്നു. |
| ഡി) ഇതു സംബന്ധിച്ച ഹൈക്കോടതി വിധി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | ഡി) സമാന സ്വഭാവമുള്ള മറ്റ് WP(C)കൾക്കൊപ്പം പുറപ്പെടുവിച്ച 25.05.2010-ലെ ബഹു. ഹൈക്കോടതി വിധി സംഘടനയ്ക്ക് അനുകൂലമായിരുന്നു. |
| ഇ)ഹൈക്കോടതി വിധി നടപ്പിലാക്കി-യിട്ടുണ്ടോ? | ഇ) ഹൈക്കോടതി വിധിക്കെതിരെ, സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ